പഠനം

പി.പി അബ്ദുർറസ്സാഖ് പെരിങ്ങാടി

# ദൈവസങ്കൽപം ഖുർആനിലും ബൈബിളിലും

**ബൈബിളിലും വിശുദ്ധ ഖുർആനിലും ദൈവത്തെ സൂചിപ്പിക്കുന്ന ഉത്തമ പുരുഷനിലെ 'നാം' എന്ന ബഹുവചന രൂപത്തിലെ സർവനാമം ദൈവത്തിന്റെ പ്രതാപത്തെയും രാജകീയതയെയുമാണ് കുറിക്കുന്നതെന്ന് വളരെ വ്യക്തമാണ്. അതുകൊണ്ടുതന്നെയാണ് ഇതേ ദൈവത്തെ തന്നെ സംബോധന ചെയ്യുമ്പോഴും ത്രിതീയ പുരുഷനെ സൂചിപ്പിക്കുമ്പോഴും വിശുദ്ധ ഖുർആനും പഴയനിയമവും പുതിയ നിയമവുമൊക്കെ ഏകവചന സർവനാമം ഉപയോഗിക്കുന്നത്.**

**ഏതൊരു** വിശ്വാസസംഹിതയെയും പഠനവിധേയമാക്കുമ്പോൾ പഠിതാവ് പ്രഥമമായും പ്രധാനമായും ചെയ്യേണ്ടത്, ആ വിശ്വാസസംഹിത സ്വയം എന്ത് അവകാശപ്പെടുന്നു എന്ന് പരിശോധിക്കുകയാണ്. ആ അവകാശവാദത്തിന്റെ യുക്തിപരമായ സുസ്ഥിരതയിൽനിന്നാണ്, അല്ലെങ്കിൽ യുക്തിപരമായ സുസ്ഥിരതയുടെ അഭാവത്തിൽനിന്നാണ് പ്രസ്തുത വിശ്വാസസംഹിതയോടുള്ള തന്റെ സമീപനം പഠിതാവ് ഉരുത്തിരിച്ചെടുക്കേണ്ടത്. ഇങ്ങനെയൊരു തനതായ സമീപനം ഉണ്ടാവണമെങ്കിൽ വിഷയത്തെ സംബന്ധിച്ച മുൻവിധികളിൽനിന്നും മുൻധാരണകളിൽനിന്നും പഠിതാവ് മുക്തനായിരിക്കണം. അറിവിനെ വിശ്വാസത്തിന്റെ മുന്നുപാധിയാക്കുകയും വേണം. കാരണം അറിവ് കൂടാതെയോ അല്ലെങ്കിൽ അറിവിന് മുമ്പോ ഉള്ള വിശ്വാസമാണ് മുൻവിധികളെയും മുൻധാരണകളെയും സൃഷ്ടിക്കുന്നത്. മനുഷ്യന്റെ യുക്തിപരതയുടെ തേട്ടവും അറിഞ്ഞു വിശ്വസിക്കുകയെന്നതാണ്. അറിഞ്ഞു വിശ്വസിക്കുന്നവൻ എന്നും സത്യാന്വേഷണത്തിന്റെ പാതയിലായിരിക്കും. വിശ്വസിച്ചശേഷം അറിഞ്ഞവൻ, തന്റെ അറിവ് താൻ മുമ്പേ വിശ്വസിച്ച കാര്യങ്ങൾക്കനുസരിച്ച് വ്യാഖ്യാനിച്ച് ഒപ്പിച്ചെടുക്കാനാണ് ശ്രമിക്കുക.

ഇസ്‌ലാമിനെയും ക്രിസ്തുമതത്തെയും പഠിക്കുന്നതിന് അവ രണ്ടും പൊതുവായി അംഗീകരിക്കുന്ന കാര്യങ്ങളെയും അവ ഭിന്നിക്കുന്ന പോയിന്റുകളെയും കേന്ദ്രീകരിച്ചുകൊണ്ട് ഈ ലേഖകൻ ഖുർആനും ബൈബിളും വായിക്കുകയുണ്ടായി. അതുണർത്തിവിട്ട ചിന്തകളിൽ ചിലതാണ് ഇവിടെ കുറിക്കുന്നത്.

ദൈവത്തെ സംബന്ധിച്ച സങ്കൽപത്തിൽ നിലവിൽ ലഭ്യമായ പഴയ നിയമത്തിനും പുതിയ നിയമത്തിനുമിടയിലോ, പഴയ നിയമത്തിനും ക്രിസ്തീയ മതത്തിനുമിടയിലോ, പഴയനിയമത്തിലെതന്നെ ചില സൂക്തങ്ങൾക്കും മറ്റു ചില സൂക്തങ്ങൾക്കുമിടയിലോ താളപ്പൊരുത്തം കാണാൻ സാധിക്കുന്നില്ല. പഴയനിയമത്തിന്റെ മൗലിക സ്വഭാവം ശുദ്ധമായ ഏകദൈവവിശ്വാസമാണെങ്കിൽ, ക്രിസ്തീയതക്ക് ത്രിത്വത്തിലാണ് വിശ്വാസം. ത്രിത്വം പഴയനിയമത്തിന്റെയും പ്രമാണമാണെന്ന് വരുത്താൻ അടുത്തകാലത്ത് ചില ബൈബിൾ പണ്ഡിതന്മാർ മുന്നോട്ടുവന്നത്, പഴയനിയമത്തിനും ക്രിസ്തീയ വിശ്വാസത്തിനുമിടയിലെ പൊരുത്തമില്ലായ്മയെ സംബന്ധിച്ച് ക്രിസ്ത്യാനികൾക്കിടയിൽ ഉയർന്നുവരുന്ന ചോദ്യങ്ങൾക്ക് തടയിടുക എന്ന ലക്ഷ്യത്തോടെയാവണം. പഴയനിയമത്തിലെ ത്രിത്വത്തിന് വേണ്ടി ഉദ്ധരിക്കപ്പെടുന്ന തെളിവുകളിൽ മുഖ്യമായത്, പഴയ നിയമത്തിലെ യഹോവ ഉത്തമ പുരുഷനായി (first person) സംസാരിക്കുമ്പോഴൊക്കെ 'ഞാൻ' എന്ന ഏകവചന രൂപത്തിന് പകരം 'നാം' എന്ന ബഹുവചനരൂപം ഉപയോഗിച്ചതാണ്. ഏറ്റവും ആധികാരികം എന്ന് പറയപ്പെടുന്ന ഡൈക്കിന്റെ (Dake) ബൈബിൾ വിശദീകരണത്തിന്റെ അവസാന ഭാഗത്ത് 'ത്രിത്വത്തിന്റെ തെളിവുകൾ'എന്ന തല

ക്കെട്ടിൽ നൽകിയ 'ന്യായങ്ങളിൽ' പ്രമുഖ സ്ഥാനം ഈ വാദം അലങ്കരിക്കുന്നുണ്ട്. പഴയനിയമത്തിൽ ത്രിത്വസങ്കൽപത്തിന് തെളിവ് നോക്കി നടക്കുന്ന ബൈബിൾ പണ്ഡിതന്മാരുടെ ഈ പ്രവണതയെ, നിലവിലുള്ള വിശ്വാസസംഹിതക്ക് ന്യായം ചമക്കലായോ അല്ലെങ്കിൽ പിൽക്കാലത്തുണ്ടായ വിശ്വാസപരമായ വ്യതിചലനങ്ങൾക്കനുസരിച്ച് പൂർവകാലത്തെ വ്യാഖ്യാനിക്കാനുള്ള ത്വരയായോ മാത്രമേ കാണാൻ കഴിയൂ. ഇതിനിടയിൽ പ്രാമാണികവും ബുദ്ധിപരവും ഭാഷാപരവും ചരിത്രപരവുമായ നിരവധി കാര്യങ്ങൾ ക്രിസ്തീയ പണ്ഡിതന്മാർ കാണാതെ പോവുകയും ചെയ്യുന്നു. ഈ വാദത്തെ വിശകലനം ചെയ്തുനോക്കാം.

1. ഉത്തമ പുരുഷനായി ദൈവം സംസാരിക്കുമ്പോൾ വിശുദ്ധ ഖുർആനിലും 'ഞാൻ' എന്ന ഏകവചന രൂപത്തിനു പകരം 'നാം' എന്ന ബഹുവചന രൂപവും വന്നിട്ടുണ്ട്. 'നീ' എന്നും 'അവൻ' എന്നും ദൈവത്തെ സൂചിപ്പിക്കുന്നിടത്ത്, ബഹുത്വത്തെ കുറിക്കുന്ന സർവനാമം വിശുദ്ധ ഖുർആനോ ബൈബിൾ പഴയ നിയമമോ പുതിയ നിയമമോ ഉപയോഗിച്ചിട്ടില്ലെന്നതും ശ്രദ്ധിക്കുക.

2. ഉത്തമ പുരുഷനിലെ ദൈവത്തെ കുറിക്കുന്ന 'നാം' എന്ന സർവനാമം കൊണ്ട് ബൈബിളിൽ പരാമർശവിധേയരായ പ്രവാചകന്മാരോ അവരുടെ അനുയായികളോ വിശുദ്ധ ഖുർആന്റെ അനുയായികളോ അത് ദൈവത്തിന്റെ ബഹുത്വത്തെ കുറിക്കുന്നതാണ് എന്ന് ഒരിക്കലും മനസ്സിലാക്കിയിട്ടുണ്ടായിരുന്നില്ല.

3. ബൈബിളിൽ പരാമർശിക്കപ്പെടുന്ന മോശയുടേതോ അബ്രഹാമിന്റേതോ ദാവീദിന്റേതോ നോഹയുടെതോ യെശയ്യാവിന്റേതോ അല്ലെങ്കിൽ മറ്റേതെങ്കിലും പ്രവാചകന്മാരുടേതോ വിശ്വാസം ത്രിത്വസങ്കൽപം അനുസരിച്ചുള്ളതായിരുന്നില്ല.

4. 'നാം' എന്ന സർവനാമം അനിവാര്യമായും ബഹുത്വത്തെ സൂചിപ്പിക്കുന്നുവെങ്കിൽ അത് മൂന്നിൽ ഒതുക്കിനിർത്തുന്നതിലും ന്യായമില്ല.

5. അറബി, ഹീബ്രു, അരമായിക് തുടങ്ങിയ സെമിറ്റിക് ഭാഷകളിലും സെമിറ്റിക്കേതര ദ്രാവിഡ ഭാഷകളിലും സംസ്കൃതത്തിലുമൊക്കെ 'നാം' എന്ന ഉത്തമ പുരുഷനെ സൂചിപ്പിക്കുന്ന സർവനാമം എല്ലായ്പ്പോഴും ഉത്തമ പുരുഷന്റെ സത്തയിലെ ബഹുത്വത്തെ ഭാഷാ ശാസ്ത്ര നിയമമനുസരിച്ച് തന്നെ സൂചിപ്പിക്കുന്നില്ല. മറിച്ച്, ഉത്തമ പുരുഷന്റെ രാജകീയസ്ഥാനത്തെ കുറിക്കാനും ബഹുവചനരൂപം ഉപയോഗിച്ചുവരുന്നു. ബൈബിളിലും വിശുദ്ധ ഖുർആനിലും ദൈവത്തെ സൂചിപ്പിക്കുന്ന ഉത്തമ പുരുഷനിലെ 'നാം' എന്ന ബഹുവചനരൂപത്തിലെ സർവനാമം ദൈവത്തിന്റെ പ്രതാപത്തെയും രാജകീയതയെയുമാണ് കുറിക്കുന്നതെന്ന് വളരെ വ്യക്തമാണ്. അതുകൊണ്ടുതന്നെയാണ് ഇതേ ദൈവത്തെ തന്നെ സംബോധന ചെയ്യുമ്പോഴും ത്രിതീയ പുരുഷനെ (Third Person) സൂചിപ്പിക്കുമ്പോഴും വിശുദ്ധ ഖുർആനും പഴയനിയമവും പുതിയ നിയമവുമൊക്കെ ഏകവചന സർവനാമം ഉപയോഗിക്കുന്നത്.

അതായത്, ഉൽപത്തി 1:26ലെ 'നാം നമ്മുടെ ഛായയിൽ മനുഷ്യനെ സൃഷ്ടിക്കട്ടെ', ഉൽപത്തി 11:7ലെ 'വരുവിൻ, നാം ഇറങ്ങിച്ചെന്ന് അവർ തമ്മിൽ ഭാഷ തിരിച്ചറിയാതിരിപ്പാൻ അവരുടെ ഭാഷ കലക്കിക്കളയുക' എന്നീ സൂക്തങ്ങളിലെ ഉത്തമ പുരുഷനിലെ ബഹുവചനം ഭാഷാപരമായി പോലും സത്തയിലെ ബഹുത്വത്തെ കുറിക്കുന്നില്ല എന്നർഥം. ബൈബിളിൽതന്നെ ശാമുവേൽ രണ്ടിൽ 16:20–ൽ അബശാലോം അഹിതോ ഫേലിനോട് അഭിപ്രായമാരായുമ്പോൾ 'നാം ചെയ്യേണ്ടത് എന്ത് എന്ന് നിങ്ങൾ ആലോചിച്ചു പറവിൻ' എന്ന് പറയുന്നതിലെ ഉത്തമ പുരുഷനിലെ 'നാം' എന്ന ബഹുവചനരൂപം സത്തയിലെ ബഹുത്വത്തെ കുറിക്കുന്നില്ലല്ലോ.

ത്രിത്വത്തിനും യേശുവിന്റെ ദിവ്യത്വത്തിനും പഴയനിയമത്തിൽനിന്നും ഉദ്ധരിക്കപ്പെടുന്ന മറ്റൊരു സൂക്തമാണ് യെശയ്യാവിലെ ഒമ്പതാം അധ്യായത്തിലെ ആറാം സൂക്തമായ, 'നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന് അത്ഭുത മന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാന പ്രഭു എന്ന് പേര് വിളിക്കപ്പെടും' എന്ന വചനം. യഹൂദ രാജാവായിരുന്ന ആഹോസിനോട് യഹോവ 'താഴെ പാതാളത്തിലോ മീതെ ഉയരത്തിലോ ഒരു അടയാളം ചോദിച്ചുകൊൾക' എന്ന് പറഞ്ഞപ്പോൾ ആഹോസ് അങ്ങനെയൊരടയാളം ചോദിച്ച് യഹോവയെ മുഷിപ്പിക്കയില്ലെന്നും ആയതിനാൽ 'കർത്താവ് തന്നെ നിങ്ങൾക്ക് ഒരു അടയാളം തരും; കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന് ഇമ്മാനുവൽ എന്ന പേര് വിളിക്കപ്പെടും' എന്ന യെശയ്യാവിലെ തന്നെ 7ാം അധ്യായത്തിലെ 14–15 സൂക്തങ്ങളും തെളിവായി ഉദ്ധരിക്കപ്പെടാറുണ്ട്.

യഥാർഥത്തിൽ യേശുവിന്റെ അമാനുഷ ജനനവും പ്രവാചകത്വവും മഹത്വവും നിഷേധിക്കാതെതന്നെ, ഈ പഴയ നിയമസൂക്തങ്ങൾ ജനിക്കാൻ പോകുന്ന ദൈവപുത്രനെയോ അല്ലെങ്കിൽ മനുഷ്യനായി അവതരിക്കാൻ പോകുന്ന ദൈവത്തെയോ ആണ് സൂചിപ്പിക്കുന്നത് എന്നതിന് തെളിവാകില്ല.

1. ഈ സൂക്തങ്ങൾ അവതരിച്ച ഇസ്രയേലീ സമൂഹം അന്നോ ഇന്നോ എന്നെങ്കിലുമോ അങ്ങനെയൊരു സാരം ഈ സൂക്തങ്ങൾക്ക് കൽപിക്കുകയോ അതിന്റെ അടിസ്ഥാനത്തിൽ ദൈവത്തിന് ഒരു ജൈവസന്തതി ജനിക്കുന്നതോ, ദൈവം മനുഷ്യനായി അവതരിക്കുന്നതോ പ്രതീക്ഷിച്ചിരുന്നില്ല. യേശുവിന് എഴുന്നൂറു വർഷങ്ങൾക്ക് മുമ്പ് ജീവിച്ച യെശയ്യാ പ്രവാചകനിൽനിന്നുള്ള ഈ സൂക്തം ജൂതന്മാർ ഹസെക്യ (Hezekiah) എന്ന വ്യക്തിയുടെ ജനനവുമായിട്ടാണ് ബന്ധപ്പെടുത്തുന്നത്.

2. ഈ സൂക്തങ്ങൾ യേശുവിനെ കുറിച്ചാണെന്ന് വിശ്വസിച്ചാലും അത് യേശുവിന്റെ ദിവ്യത്വത്തെയോ ദൈവം മനുഷ്യനായി അവതരിക്കുന്നതിനെയോ കുറിക്കുന്നില്ല. 'ദൈവപുത്രൻ' എന്ന പ്രയോഗം ബൈബിളിൽ ദൈവത്തിനും മനുഷ്യനുമിടയിലെ കാരുണ്യത്തിലും സ്നേഹത്തിലുമധിഷ്ഠിതമായ ബന്ധത്തെ ആലങ്കാരികമായി സൂചിപ്പിക്കുന്ന പ്രയോഗം മാത്രമാണ്. അതുകൊണ്ടാണ് ഈ സൂക്തങ്ങളെ ഹെസക്യയിൽ ചേർത്ത് വിശദീകരിക്കുന്ന ജൂതന്മാർ അതോടൊപ്പം തന്നെ ഈ പ്രയോഗത്തിന്റെ പേരിൽ ഹെസക്യലിന് ദൈവപുത്രപദവിയോ ദിവ്യാവതാര പദവിയോ നൽകാതിരുന്നത്. ബൈബിളാവട്ടെ ദൈവപുത്രനെന്ന വിശേഷം മറ്റിടങ്ങളിലും മറ്റുള്ളവരെ വിശേഷിപ്പിക്കാനും ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണമായി, പുറപ്പാടിലെ നാലാമധ്യായത്തിൽ മോശ ഫറോവയുടെ അടുക്കൽ പോകുമ്പോൾ ഫറോവയോട് പറയാൻ വേണ്ടി യഹോവ മോശയെ കൽപിക്കുന്നത്, 'ഇസ്രയേൽ എന്റെ പുത്രൻ ആദ്യജാതൻ തന്നെ' (പുറപ്പാട് 4:22) എന്നാകുന്നു. യിരമ്യാവ് 31:9ൽ യഹോവ ഇപ്രകാരം പറയുന്നത് കാണാം: 'ഞാൻ ഇസ്രയീലിനു പിതാവും എഫ്രയീം എന്റെ ആദ്യജാതനുമല്ലോ?' ദാവീദിനോട് യഹോവ അരുളിച്ചെയ്തതായി ദാവീദ് പറയുന്നു: 'നീ എന്റെ പുത്രൻ; ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു' (സങ്കീർത്തനങ്ങൾ 2:7). ദാവീദിനെ കുറിച്ച് ശമുവേൽ പ്രവാചകനോട് യഹോവ പറയുന്നു: 'ഞാൻ അവന് പിതാവും അവൻ എനിക്ക് പുത്ര

നുമായിരിക്കും' (ശമുവേൽ II 7:13-14). ഇവിടങ്ങളിലൊക്കെ ഉദ്ദേശിച്ച അതേ അർഥം തന്നെയാണ് യേശുവിന്റെ ജനനത്തെക്കുറിച്ച പരാമർശങ്ങളിലും ഉള്ളത്.

3. 'വീരനാം ദൈവം', 'നിത്യപിതാവ്' എന്ന് പേര് വിളിക്കപ്പെടും എന്ന ഭാഗമാകട്ടെ വളരെ വ്യക്തമായും സൂചിപ്പിക്കുന്നത്, അത് വിളിക്കപ്പെടുന്ന പേര് മാത്രമാണെന്നും അല്ലാതെ അവൻ വീരനാം ദൈവമോ നിത്യപിതാവോ അല്ലെന്നുമാണ്. ആളുകൾക്ക് പേരിടുമ്പോഴുള്ള ജൂതപാരമ്പര്യത്തിന്റെ ഘടകം കൂടി ഇവിടെ പരിഗണിക്കേണ്ടതുണ്ട്. ദൈവിക നാമങ്ങളിൽ ആളുകളെ പേരു വിളിക്കുകയെന്നത് ജൂതപാരമ്പര്യമായിരുന്നു. ആ പേരുകൾ ഭിന്ന ഭാഷക്കാർ വിവർത്തനം ചെയ്തപ്പോൾ ആശയം തന്നെ തെറ്റിദ്ധരിക്കപ്പെടുകയുണ്ടായി എന്നതാണ് വസ്തുത. ഉദാഹരണമായി 'അസദ്' എന്നത് ഒരു അറബി നാമമാണ്. പക്ഷേ ആ പദത്തിന് അറബിയിൽ 'സിംഹം' എന്ന അർഥമുണ്ട്. ഇത് ഒരാളുടെ പേരാണെന്ന് മനസ്സിലാക്കാതെ, 'അസദ് പോയി' എന്നതിന് 'സിംഹം പോയി' എന്ന് മറ്റൊരു ഭാഷക്കാരൻ അർഥം കൽപിച്ചാലുണ്ടാവുന്ന അബദ്ധം ബൈബിളിലെ വിശുദ്ധ വ്യക്തികളുടെ പേര് വിവർത്തനം ചെയ്തപ്പോൾ ധാരാളമായി ഉണ്ടായിട്ടുണ്ടെന്നതാണ് വസ്തുത. 'മൈക്കൽ' എന്ന പേരിന് ദൈവത്തെ പോലുള്ളവൻ എന്നാണ് അർഥം. ആ പേര് വിവർത്തനം ചെയ്ത് പരാമർശവിധേയനായ വ്യക്തി ദൈവത്തെ പോലുള്ളവനാണെന്ന് ധരിച്ചാലുള്ള അബദ്ധം ഒന്ന് ആലോചിച്ചു നോക്കൂ! 'ഇസകൃൽ' എന്നാൽ 'ശക്തനായ ദൈവം' എന്നാണ് അർഥം. ആ പേരിന്റെ അർഥം വിവർത്തനം ചെയ്ത് പരാമർശിക്കപ്പെടുന്ന വ്യക്തിയുടെ സത്തയായി മനസ്സിലാക്കിയാൽ അത് സൃഷ്ടിക്കുന്ന തെറ്റിദ്ധാരണയുടെ ആഴം ആലോചിച്ചു നോക്കൂ! ഈ തെറ്റിദ്ധാരണയിലാണ് ക്രിസ്തീയ പണ്ഡിതന്മാർ പിൽക്കാലത്തുണ്ടായ വിശ്വാസ വ്യതിചലനങ്ങൾക്കനുസരിച്ച് പൂർവ കാലത്തെ പ്രവാചക അധ്യാപനങ്ങളെ വ്യാഖ്യാനിച്ച് ഒപ്പിക്കാൻ ശ്രമിച്ചത്. ഇവിടെയൊക്കെ ചരിത്രത്തിനോ ഭാഷക്കോ പ്രയോഗങ്ങൾക്കോ പാരമ്പര്യത്തിനോ പ്രമാണങ്ങൾക്കോ യുക്തിക്കോ ഒരു പരിഗണനയും നൽകാതെ ഈ അബദ്ധധാരണകൾ വ്യാപകമായി പ്രചരിപ്പിക്കപ്പെടുന്നുവെന്നതാണ് ഏറെ ദുഃഖകരം.

4. യെശയ്യാവ് 7:14-15 സൂക്തങ്ങളിൽ പറയുന്ന 'കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കു'മെന്നതാകട്ടെ

> **'ദൈവപുത്രൻ' എന്ന പ്രയോഗം ബൈബിളിൽ ദൈവത്തിനും മനുഷ്യനുമിടയിലെ കാരുണ്യത്തിലും സ്നേഹത്തിലുമധിഷ്ഠിതമായ ബന്ധത്തെ ആലങ്കാരികമായി സൂചിപ്പിക്കുന്ന പ്രയോഗം മാത്രമാണ്. അതുകൊണ്ടാണ് ഈ സൂക്തങ്ങളെ ഹെസക്യയിൽ ചേർത്ത് വിശദീകരിക്കുന്ന ജൂതന്മാർ അതോടൊപ്പം തന്നെ ഈ പ്രയോഗത്തിന്റെ പേരിൽ ഹെസക്യലിന് ദൈവപുത്രപദവിയോ ദിവ്യാവതാര പദവിയോ നൽകാതിരുന്നത്. ബൈബിളാവട്ടെ ദൈവപുത്രനെന്ന വിശേഷം മറ്റിടങ്ങളിലും മറ്റുള്ളവരെ വിശേഷിപ്പിക്കാനും ഉപയോഗിച്ചിട്ടുണ്ട്.**

ഖുർആൻ സാക്ഷ്യപ്പെടുത്തിയതും മുസ്ലിംകൾ വിശ്വസിക്കുന്ന കാര്യവുമാണ്. പക്ഷേ, ദൈവത്തിന്റെ കഴിവും അറിവും ഉദ്ദേശ്യവും എന്നതിനപ്പുറത്ത് യേശുവിന്റെ ദിവ്യത്വത്തെയോ ദൈവം മനുഷ്യനായി അവതരിക്കുന്നതിനോ ആ സൂക്തം തെളിവാകുന്നില്ലെന്നത് വളരെ വ്യക്തമാണല്ലോ?

5. ഈ സൂക്തങ്ങളൊന്നും തന്നെ യഹോവ മനുഷ്യനായി അവതരിക്കുമെന്നോ അല്ലെങ്കിൽ ജനിച്ചു വീഴുന്നവൻ സർവശക്തനായ ദൈവമായിരിക്കുമെന്നോ ഒരിക്കൽപോലും പറഞ്ഞിട്ടില്ല. ആ സൂക്തങ്ങളിൽനിന്നും അതിന്റെ പ്രഥമ സംബോധിതരൊന്നും അങ്ങനെ മനസ്സിലാക്കിയിട്ടുമുണ്ടായിരുന്നില്ല. 'മോശയെ അഹരോന്റെയും ഫറോവന്റെയും ദൈവമായി' വിശേഷിപ്പിച്ചിട്ടുപോലും (പുറപ്പാട് 4:17, 7:1) ജൂതന്മാരും മോശയെ ദൈവമായി മനസ്സിലാക്കാതിരുന്നത്, ഒന്നുകിൽ അത് ഹീബ്രുവിൽനിന്നും ഇതര ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടപ്പോഴുള്ള സ്ഖലിതമായി മനസ്സിലാക്കുന്നതുകൊണ്ടോ, അല്ലെങ്കിൽ ശൈലിയിലെ ആലങ്കാരികത ഉൾക്കൊണ്ടതുകൊണ്ടോ ആയിരുന്നു. അല്ലാതിരുന്നാൽ അത് ഇസ്റാഈലീ പ്രവാചകന്മാരുടെയും മൗലികമായ അധ്യാപനങ്ങൾക്ക് വിരുദ്ധമാകുമായിരുന്നു.

ത്രിത്വ സങ്കൽപത്തിന് പഴയ നിയമത്തിൽ 'തെളിവ്' കണ്ടെത്തുന്ന ആധുനികരായ ക്രിസ്തീയ പണ്ഡിതർ നിരത്തുന്ന പഴയനിയമ 'ന്യായ'ങ്ങളിൽ പ്രമുഖമായ ചിലതിനെ നിരൂപണം ചെയ്തതാണ് മുകളിൽ. ഈ നിരൂപണം ഇതര സൂക്തങ്ങൾക്കും ഏറെക്കുറെ ബാധകമാകും. ത്രിത്വ ന്യായങ്ങൾ ദൈവസങ്കൽപത്തെ സംബന്ധിച്ച് പഴയ നിയമത്തിനും ക്രിസ്തുമതത്തിനുമിടയിലുള്ള പൊരുത്തക്കേടിനെക്കുറിച്ച് അസ്വസ്ഥമാക്കുന്ന സാധാരണക്കാരെ ആശ്വസിപ്പിക്കുന്നതിനു വേണ്ടി കണ്ടെത്തിയതാണ് എന്ന് കരുതാനാണ് ന്യായം കാണുന്നത്.

ഇനി പഴയ നിയമത്തിലെ തന്നെയും മൗലികമായ അധ്യാപനം ഏകദൈവത്വമാണ് എന്നും കാണാൻ സാധിക്കും. ഇതിനെ സൂചിപ്പിക്കുന്ന നിരവധി സൂക്തങ്ങളിൽ ചിലത് കാണുക.

വൃദ്ധനായ അബ്രഹാമിന് വൃദ്ധയും മച്ചിയുമായ സാറയിൽ കുട്ടിയുണ്ടാകുമെന്ന് സന്തോഷവാർത്ത അറിയിച്ചപ്പോൾ യഹോവ അബ്രഹാമിനോട് ചോദിച്ച 'യഹോവക്ക് കഴിയാത്ത കാര്യം ഉണ്ടോ' (ഉൽപത്തി 18:14) എന്ന വാക്യം സർവശക്തനായ ഏകദൈവത്തെ കുറിക്കുന്നു. പുറപ്പാടിലെ 5:2 സൂക്തം കൽപിക്കാൻ അർഹതയുള്ള ഏക ദൈവത്തെ കുറിക്കുന്നു. പുറപ്പാടിലെതന്നെ ആറാം അധ്യായത്തിലെ മൂന്നാം സൂക്തം, ദൈവം എല്ലാ കാലക്കാർക്കും എല്ലാ ദേശക്കാർക്കും ഒന്നാണെന്ന് വ്യക്തമാക്കുന്നു. പുറപ്പാടിലെ 7:16; 8:2; 9:1,12; 10:4,5 സൂക്തങ്ങൾ പ്രാർഥനക്കും ആരാധനക്കും അർഹൻ ഏകനായ ദൈവമാകുന്നുവെന്ന് വ്യക്തമാക്കുന്നു. പുറപ്പാട് 15:2 മഹോന്നതനായ ഏകദൈവത്തെയും മൂന്നാം സൂക്തം രക്ഷകനും സ്തുതികൾക്കർഹനുമായ ഏകദൈവത്തെയും പറ്റി പറയുന്നു. പുറപ്പാട് 20:5,6ൽ അനുസരണം ഏകനായ ദൈവത്തിനു മാത്രമായിരിക്കേണ്ടതിന്റെ ആവശ്യകതയും ജീവിതത്തിന്റെ നിഖില മേഖലകളിലും പ്രമാണിക്കപ്പെടേണ്ട നിയമം ഏക ദൈവത്തിന്റേതായിരിക്കേണ്ടതും പഠിപ്പിക്കുന്നു. പുറപ്പാട് 20:1ൽ അടിമത്തം ഏകനായ ദൈവത്തിനു മാത്രമായിരിക്കണമെന്നും യഹോവയാണ് ഏകനായ ദൈവമെന്നും അവനല്ലാതെ അന്യദൈവങ്ങളുണ്ടാകരുതെന്നും അനുശാസിക്കുന്നു. തുടർന്ന്, പുറപ്പാടിലെ 4:5 സൂക്തങ്ങളിൽ വിഗ്രഹങ്ങളുണ്ടാക്കരുതെന്നും ആകാശത്തിലോ ഭൂമിയിലോ വെള്ളത്തിനുള്ളിലോ ഉള്ള ഒന്നിന്റെയും പ്രതിമ ഉണ്ടാക്കരുതെന്നും കൽപിക്കുന്നു. അവയെയൊന്നും നമസ്കരിക്കുകയോ സേവിക്കുകയോ ചെയ്യരുതെന്നും ആജ്ഞാപിക്കുന്നു. ആവർത്തന പുസ്തകം 27:15ൽ, ശിൽപിയുടെ കൈപണിയായി യഹോവക്ക് അറപ്പായ വല്ല

വിഗ്രഹത്തെയും കൊത്തിയോ വാർത്തോ ഉണ്ടാക്കി രഹസ്യത്തിൽ പ്രതിഷ്ഠിക്കുന്നവൻ ശപിക്കപ്പെട്ടവനാണെന്നും ജനങ്ങളോടെല്ലാം അവനെതിരെയുള്ള ശാപപ്രാർഥനക്ക് ആമേൻ പറയണമെന്ന് കൽപിക്കുകയും ചെയ്യുന്നു. ഏകനായ ദൈവത്തെ മാത്രം പരമമായി സ്നേഹിക്കാനും അവന്റെ മാത്രം കൽപനകളെ ജീവിതത്തിൽ അനുസരിക്കാനും ദൈവത്തിന്റെ നാമം വൃഥാ എടുത്ത് ഉപയോഗിക്കാതിരിക്കാനും പുറപ്പാട് 20:6-8 വരെയുള്ള സൂക്തങ്ങൾ കൽപിക്കുന്നു. പുറപ്പാട് 20: 23,24 സൂക്തങ്ങൾ സ്വർണം, വെള്ളി എന്നിവ ഉപയോഗിച്ച് ദേവന്മാരെ ഉണ്ടാക്കുന്നത് പ്രത്യേകമായി വിലക്കുകയും ബലി ഏകനായ ദൈവത്തിന് മാത്രമേ അർപ്പിക്കാവൂ എന്ന് പഠിപ്പിക്കുകയും ചെയ്യുന്നു. പുറപ്പാട് 22:20ലും യഹോവക്കല്ലാതെ വേറെ മിഥ്യാ ദൈവങ്ങൾക്ക് ബലിയർപ്പിക്കുന്നത് നിർമൂലനം ചെയ്യേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്നു.

ലേവ്യ പുസ്തകം 18:5 ൽ പറയുന്നു: "ഞാൻ നിങ്ങളുടെ ദൈവമായ യഹോവയാകുന്നു. ആകയാൽ എന്റെ ചട്ടങ്ങളും ന്യായങ്ങളും നിങ്ങൾ പ്രമാണിക്കേണം; അവയെ ചെയ്യുന്ന മനുഷ്യൻ അവയാൽ ജീവിക്കും; ഞാൻ യഹോവയാകുന്നു.'' ആവർത്തന പുസ്തകം 4:2-ൽ മോശ പറയുന്നു: "ഞാൻ നിങ്ങളോട് കൽപിക്കുന്നു നിങ്ങളുടെ ദൈവമായ യഹോവയുടെ കൽപനകളെ നിങ്ങൾ പ്രമാണിക്കേണം." ആവർത്തന പുസ്തകം 5:1ൽ ദൈവം മുഴുവൻ ഇസ്രയേല്യരോടും വിളിച്ചു പറഞ്ഞത്: "ഇസ്രായീലേ, ഞാൻ ഇന്നു നിങ്ങളെ കൽപിക്കുന്ന ചട്ടങ്ങളും വിധികളും കേൾപ്പിൻ; അവയെ പഠിക്കുകയും പ്രമാണമനുസരിക്കുകയും ചെയ്യുവിൻ" എന്നാണ്. ആവർത്തനപുസ്തകം 5:7ൽ "ഞാനല്ലാതെ അന്യ ദൈവങ്ങൾ നിനക്കുണ്ടാകരുതെന്ന്" താക്കീത് ചെയ്യുന്നു. ആവർത്തന പുസ്തകം 6:3വരെയുള്ള സൂക്തങ്ങൾ ശ്രദ്ധിക്കുക: "നിന്റെ പിതാക്കന്മാരുടെ ദൈവമായ യഹോവ നിന്നോട് അരുളി ചെയ്തത് പോലെ പാലും തേനും ഒഴുകുന്ന ദേശത്ത് നിങ്ങൾ ഏറ്റവും വർധിക്കേണ്ടതിന് നീ കേട്ടു ജാഗ്രതയോടെ അനുസരിച്ചു നടക്കുക. ഇസ്രായീലേ, കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു. യഹോവ ഏകൻ തന്നെ. നിന്റെ ദൈവമായ യഹോവയെ നീ പൂർണ ഹൃദയത്തോടും പൂർണ ശക്തിയോടും കൂടെ സ്നേഹിക്കണം.'' ആവർത്തന

**'മൈക്കൽ' എന്ന പേരിന് ദൈവത്തെ പോലുള്ളവൻ എന്നാണ് അർഥം. ആ പേര് വിവർത്തനം ചെയ്ത് പരാമർശവിധേയനായ വ്യക്തി ദൈവത്തെ പോലുള്ളവനാണെന്ന് ധരിച്ചാലുള്ള അബദ്ധം ഒന്ന് ആലോചിച്ചു നോക്കൂ! 'ഇസക്യൽ' എന്നാൽ 'ശക്തനായ ദൈവം' എന്നാണ് അർഥം. ആ പേരിന്റെ അർഥം വിവർത്തനം ചെയ്ത് പരാമർശിക്കപ്പെടുന്ന വ്യക്തിയുടെ സത്തയായി മനസ്സിലാക്കിയാൽ അത് സൃഷ്ടിക്കുന്ന തെറ്റിദ്ധാരണയുടെ ആഴം ആലോചിച്ചു നോക്കൂ! ഈ തെറ്റിദ്ധാരണയിലാണ് ക്രിസ്തീയ പണ്ഡിതന്മാർ പിൽക്കാലത്തുണ്ടായ വിശ്വാസ വ്യതിചലനങ്ങൾക്കനുസരിച്ച് പൂർവകാലത്തെ പ്രവാചക അധ്യാപനങ്ങളെ വ്യാഖ്യാനിച്ച് ഒപ്പിക്കാൻ ശ്രമിച്ചത്.**

പുസ്തകം 10:17ൽ, ഏകനായ ദൈവത്തിന്റെ പരമാധികാരത്തെ ഊന്നിപ്പറയുന്നു: "നിങ്ങളുടെ ദൈവമായ യഹോവ ദേവാധി ദൈവവും കർത്താധി കർത്താവുമായി വല്ലഭനും ഭയങ്കരവുമായ ദൈവമല്ലോ?'' സമ്പൂർണമായി ഏകനായ ദൈവത്തെ അനുസരിക്കേണ്ടതിന്റെയും അതിൽ ഒരു നിലക്കുള്ള കൂട്ടലും കുറക്കലും വരുത്താതിരിക്കേണ്ടതിന്റെയും ആവശ്യകത ആവർത്തന പുസ്തകം 13:1ൽ പറയുന്നു: ''ഞാൻ നിങ്ങളോട് ആജ്ഞാപിക്കുന്നതൊക്കെയും പ്രമാണിച്ചു നടപ്പിൻ; അതിനോട് കൂട്ടരുത്; അതിൽനിന്നു കുറക്കുകയും അരുത്." ആവർത്തന പുസ്തകം വീണ്ടും പൂർണവും നിരങ്കുശവും നിരുപാധികവുമായ ദൈവത്തിനുള്ള അനുസരണത്തെ ആവശ്യപ്പെടുന്നു. എന്നിട്ട് അഞ്ചാം സൂക്തത്തിൽ ആ ഖണ്ഡിക അവസാനിക്കുന്നത് ഇങ്ങനെ: "നിങ്ങളുടെ ദൈവമായ യഹോവയെ നിങ്ങൾ അനുസരിച്ചു ഭയപ്പെടുകയും അവന്റെ കൽപന പ്രമാണിച്ചു അവന്റെ വാക്കുകേൾക്കുകയും അവനെ സേവിച്ച് അവനോട് ചേർന്നിരിക്കയും വേണം." യെശയ്യാവ് 40:18 മുതൽ 2 വരെയുള്ള സൂക്തങ്ങൾ ദൈവത്തിന് ഉപമയോ സമാനനോ സദൃശനോ ഇല്ലെന്നും ഒരു പ്രതിമയും അവന് സദൃശമാകില്ലെന്നും വ്യക്തമാക്കുന്നു. ഏകനായ ദൈവത്തിൽനിന്നുള്ള നിയമങ്ങളെ പൂർണമായോ ഭാഗികമായോ മാറ്റിനിർത്തി ഇതര നിയമങ്ങളുമായി ഏച്ചു കൂട്ടുന്ന ബഹുദൈവത്വപരമായ ക്രിയയെ നിശിതമായി വിമർശിച്ചുകൊണ്ട് യെശയ്യാവ് 17:10ൽ പറയുന്നു. "നിന്റെ രക്ഷയുടെ ദൈവത്തെ നീ മറന്നു. നിന്റെ ബലമുള്ള പാറയെ ഓർക്കാതെ ഇരിക്കകൊണ്ട് നീ മനോഹരങ്ങളായ തോട്ടങ്ങളെ ഉണ്ടാക്കി അവയിൽ അന്യദേശത്തുനിന്നുള്ള വള്ളികളെ നടുന്നു." യെശയ്യാ 45:5-ൽ പ്രഖ്യാപിക്കുന്നു: "ഞാൻ യഹോവയാകുന്നു. മറ്റൊരുത്തനുമില്ല, ഞാനല്ലാതെ ഒരു ദൈവവുമില്ല." യിരമ്യാവ് 5:21ൽ ഏകനായ ദൈവത്തെ മാത്രം ഭയപ്പെടേണ്ടതിനെ കുറിച്ച് പറയുന്നു. യിരമ്യാവിൽതന്നെ 1:10ൽ നിത്യ ചൈതന്യവാനും ശാശ്വത രാജാവുമായ ഏക സത്യദൈവം യഹോവ മാത്രമാകുന്നുവെന്ന് ആണയിട്ടു വ്യക്തമാക്കുന്നു. യെശയ്യാവ് 45:18: "ആകാശത്തെ സൃഷ്ടിച്ച യഹോവ ഇപ്രകാരം അരുളി ചെയ്യുന്നു. അവൻ തന്നെ ദൈവം, അവൻ ഭൂമിയെ നിർമിച്ചുണ്ടാക്കി; അവൻ അതിനെ ഉറപ്പിച്ചു; വ്യർഥമായിട്ടല്ല അവൻ അതിനെ സൃഷ്ടിച്ചത്; പാർപ്പിനത്രെ അവൻ അതിനെ സൃഷ്ടിച്ചത്; ഞാൻ തന്നെ യഹോവ; വേറൊരുത്തനുമില്ല." യെശയ്യാവ് 46:9ൽ പറയുന്നു: "ദ്രോഹികളേ, ഇതു മനസ്സിലാക്കുവിൻ; ഞാനല്ലാതെ വേറൊരു ദൈവവുമില്ല. ഞാൻ തന്നെ ദൈവം; എന്നെപ്പോലെ ഒരുത്തനുമില്ല."

മുകളിലുദ്ധരിച്ച സൂക്തങ്ങൾ സത്തയിലും സവിശേഷതയിലുമുള്ള ദൈവത്തിന്റെ ഏകത്വം മാത്രമല്ല ഉദ്ഘോഷിക്കുന്നത്. ദൈവത്തിനർപ്പിക്കേണ്ട അനുസരണം, അടിമത്തം, ആരാധന, സ്നേഹം തുടങ്ങിയ കാര്യങ്ങളിൽ മറ്റാരെയും പങ്കാളികളെ ചേർക്കാതിരിക്കുന്നതും ഏകദൈവ സങ്കൽപത്തിന്റെ ഭാഗമാണെന്ന് പഠിപ്പിക്കുന്നു. ഇത് എല്ലാ പ്രവാചകന്മാരുടെയും മൗലികമായ അധ്യാപനം ആയിരുന്നുവെന്നും വ്യക്തമാകുന്നു. ■

(തുടരും)



ഏകനായ ദൈവത്തിൽനിന്നുള്ള നിയമങ്ങളെ പൂർണമായോ ഭാഗികമായോ മാറ്റിനിർത്തി ഇതര നിയമങ്ങളുമായി ഏച്ചു